**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3367** **11-03-2025 - ൽ മറുപടിയ്ക്ക്**

**കീച്ചൻപാറയിൽ തോട് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ എരുമേലി വടക്ക് വില്ലേജിലെ കീച്ചൻപാറയിൽ ബ്ലോക്ക് നമ്പർ 26 ൽ റീസർവേ നമ്പർ 400 ൽ പെട്ട 01.6500 ഹെക്ടർ തോട് പുറമ്പോക്കിൽ ഉൾപ്പെട്ട ഭൂമിയിൽ വർഷങ്ങളായി താമസിച്ചുവരുന്ന അമ്പതോളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് കീച്ചൻപാറ പ്രദേശത്ത് എരുമേലി വടക്ക് വില്ലേജിൽ ബ്ലോക്ക് 26 ൽ റീസർവ്വേ നമ്പർ 400 ൽപ്പെട്ട 01.6500 ഹെക്ടർ തോട് പുറമ്പോക്കിൽ താമസിച്ച് വരുന്ന 44 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് ശിപാർശ നല്കുന്നതിന് 12/12/2024 തീയതിയിൽ ചേർന്ന മുണ്ടക്കയം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതും ടി തീരുമാനം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറെ അറിയിച്ചിരുന്നതും പഞ്ചായത്തിന് നിലവിൽ പ്രസ്തുത സ്ഥലം കൈമാറുന്നതിന് ആക്ഷേപമില്ലാത്ത സാഹചര്യത്തിൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളതുമാണ്.<br><br>പട്ടയ നടപടികളുടെ പുരോഗതിയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 17/02/2025 തീയതിയിൽ കോട്ടയം കളക്ടേറ്റിൽ ചേർന്ന അവലോകന യോഗത്തിലെ തീരുമാനപ്രകാരം തോട് പുറമ്പോക്കിൽ ഉൾപ്പെട്ട ടി കൈവശങ്ങൾ നേരിട്ട് പരിശോധിച്ച് Flood Level ന് മുകളിലും താഴെയും സ്ഥിതി ചെയ്യുന്ന കൈവശങ്ങളിൽ വെള്ളപ്പൊക്കം മുതലായ ദുരന്ത സാഹചര്യങ്ങൾ പരിഗണിച്ച് ഏതൊക്കെ കൈവശങ്ങൾക്ക് പട്ടയം അനുവദിക്കാവുന്നതാണെന്ന വിശദമായ റിപ്പോർട്ട് റവന്യൂ റിക്കാർഡുകൾ സഹിതം സമർപ്പിക്കുന്നതിന് കാഞ്ഞിരപ്പള്ളി തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>വിഷയത്തിൽ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ അനന്തര നടപടികൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി കൈക്കൊള്ളാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ